<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 152</u> <u>23-01-2025 - ൽ മറുപടിയ്ക്ക്</u>

<u>തീരദേശ പരിപാലന പ്ലാൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | 2019 ലെ സി.ആർ.ഇസഡ് വിജ്ഞാപന പ്രകാരം തയ്യാറാക്കിയ 2019 തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ഉള്ള വികസിത പ്രദേശങ്ങളെ സി.ആർ.ഇസഡ് III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി.ആർ.ഇസഡ് III B വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സി.ആർ.ഇസഡ് III A യിൽ കടലിന്റെ വേലിയേറ്റ നിരയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയായി കുറച്ചിട്ടുണ്ട്. എന്നാൽ സി.ആർ.ഇസഡ് III B കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന രഹിത മേഖലയായി തുടരും. ഉൾനാടൻ ജലാശയങ്ങളുടെ (സി.ആർ.ഇസഡ് III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശത്തിന്റെ വീതിയോ, കരയിലേയ്ക്കുള്ള പ്രദേശങ്ങളോ ഏതാണ് കുറവ് അതും വികസന രഹിത മേഖലയാണ്. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ പ്രവർത്തനരഹിത മേഖല ബാധകമല്ല.<br><br>കേരളത്തിലെ 66 ഗ്രാമപഞ്ചായത്തുകളെ CRZ III-ൽ നിന്ന് CRZ II ലേയ്ക്ക് തരം മാറ്റിയിട്ടുണ്ട്. കൂടാതെ 37 ഗ്രാമപഞ്ചായത്തുകളെ CRZ III A യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 175 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 66 |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തുകളെയാണ് CRZ II ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി വരുന്ന 109 ഗ്രാമപഞ്ചായത്തുകൾ കൂടി CRZ II ൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഭേദഗതി പ്രകാരം 1991 ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളുണ്ടെങ്കിൽ പൊക്കാളി/കൈപ്പാട് പാടങ്ങളുടെ ബണ്ട്/സ്ലൂയിസ് ഗേറ്റുകളുടെ HTL അതിർത്തിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br><br>2019 CRZ വിജ്ഞാപന പ്രകാരം 1000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റും മാത്രമാണ് 50 മീറ്റർ ബഫർ ഡീമാർക്കേറ്റ് ചെയ്തിട്ടുള്ളത്. കൂടാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യുന്നതിനുള്ള ആവശ്യമായ മാറ്റങ്ങൾ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 300 $m^2$ വിസ്തീർണ്ണം വരെയുള്ള വാസഗൃഹ നിർമ്മാണങ്ങളുടെ അനുമതി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ